ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.01.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരു ദിവസത്തെ സന്ദർശനത്തിനായി വെള്ളിയാഴ്ച കേരളത്തിലെത്തും. തിരുവനന്തപുരത്ത് വിവിധ സർക്കാർ പദ്ധതികളുടെ ഉദ്ഘാടനം നിർവ്വഹിക്കും.

   **Prime Minister Narendra Modi will arrive in Kerala on Friday for a one-day visit. He will inaugurate various government schemes in Thiruvananthapuram.**

2. വിദേശത്ത് ജോലി ചെയ്യുന്ന കേരളത്തിലെ സ്ത്രീകൾക്ക് പിന്തുണ നൽകുന്നതിനായി പ്രതിബദ്ധതയുള്ള വനിത സെൽ രൂപീകരിക്കുമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. കേരള നിയമസഭയുടെ ബജറ്റ് സമ്മേളനത്തിന് ഇന്ന് തുടക്കമായി.

   **Governor Rajendra Vishwanath Arlekar said that a dedicated women's cell will be formed to support Kerala women working abroad. The budget session of the Kerala Assembly began today.**

3. കേന്ദ്ര സഹമന്ത്രി രാംദാസ് അത്വാലെ രണ്ടുദിവസത്തെ സന്ദർശനത്തിന് നാളെ കേരളത്തിൽ എത്തും. കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും.

Union Minister of State Ramdas Athwale will arrive in Kerala tomorrow for a two-day visit. He will participate in various programs in Kannur and Kozhikode districts.

4. സമുദ്ര മേഖലയിലെ വികസനം ശ ക്തിപ്പെടുത്തുന്നതിനായി കേന്ദ്ര ഫിഷറീസ് വകു പ്പിൻറെ നേതൃത്വത്തിൽ നാളെ ന്യൂഡൽഹിയിൽ വ ട്ടമേശ സമ്മേളനം സംഘടി പ്പിക്കും.

   A round table conference will be organized in New Delhi tomorrow under the leadership of the Fisheries Department to strengthen the development of the marine sector.

5. വികസിത രാഷ്ട്രമെന്ന ഇന്ത്യയുടെ സ്വപ്നം സാക്ഷാത്കരി ക്കാൻ ആരോഗ്യ സംരക്ഷണം സുപ്രധാന ഘടകമാണെ ന്ന് കേന്ദ്ര സഹമന്ത്രി അനുപ്രിയ പട്ടേൽ.

   Union Minister of States Anupriya Patel said that healthcare is an important factor in realizing India's dream of becoming a developed nation.

6. വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് മുംബൈ ഇന്ത്യൻസ് പോരാട്ടം.

   In WPL cricket, Delhi Capitals will face Mumbai Indians today.

☸☸☸☸☸☸☸☸☸☸☸☸☸

## PM - TVM

പ്രധാനമന്ത്രി നരേന്ദ്ര മോദി വെള്ളിയാഴ്ച തിരുവനന്തപുരം സന്ദർശിക്കും. വെള്ളിയാഴ്ച രാവിലെയാവും പ്രധാനമന്ത്രി തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തുക. അവിടെ നിന്ന് പുത്തരിക്കണ്ടത്തെ ത്തുന്ന അദ്ദേഹം വിവിധ സർക്കാർ പദ്ധതികളുടെ ഉദ്ഘാടനം നിർവ്വഹിക്കും. പുത്തരിക്കണ്ടത്തു തന്നെ ബിജെപി സംഘടിപ്പിക്കുന്ന പരിപാടിയിലും പങ്കെടുക്കുന്ന പ്രധാനമന്ത്രി ഉച്ചയോടെ തിരുവനന്തപുരത്തു നിന്നു മടങ്ങും.

☸☸☸☸☸☸☸☸☸☸☸☸☸

## PM- GIRIRAJ ARTICLE

രാജ്യത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ പരമ്പരാഗത വ്യവസായമായ ടെക്സ്റ്റൈൽ മേഖല ശക്തമായ പങ്ക് വഹിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യയുടെ ടെക്സ്റ്റൈൽ മേഖലയുടെ വളർച്ചയെക്കുറിച്ച് കേന്ദ്രമന്ത്രി ഗിരിരാജ് സിംഗ് ഒരു ദേശീയ ദിനപത്ര ത്തിൽ എഴുതിയ ലേഖനം സമൂഹ മാധ്യമത്തിൽ പങ്കുവച്ചായിരുന്നു പ്രധാനമന്ത്രിയുടെ പരാമർശം. ആഭ്യന്തര നിർമ്മാണത്തെ ശക്തിപ്പെടുത്തു ന്നതിനിലൂടെ 'ആത്മനിർഭർ ഭാരത്" എന്ന ആശയത്തിന്റെ യഥാർത്ഥ ആത്മാവിനെ ഈ മേഖല പ്രതിഫലിപ്പിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

## ASSEMBLY

അടുത്ത സാമ്പത്തിക വർഷം സംസ്ഥാനത്ത് ഒരു ലക്ഷം വീടുകളും 22 ഭവന സമുച്ചയങ്ങളും നിർമിക്കുമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. നിയമസഭയിൽ എൽ.ഡി.എഫ് സർക്കാറിൻറെ അവസാന നയപ്രഖ്യാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കൊച്ചിയിൽ 500 ടൺ വേസ്റ്റ്- ടു - എനർജി പ്ലാന്റിന്റെ നിർമ്മാണം മെയ് മാസത്തോടെ ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. NORKA വകുപ്പ് വഴി, വിദേശത്ത് ജോലി ചെയ്യുന്ന കേരളത്തിലെ സ്ത്രീകൾക്ക് പിന്തുണയും കൌൺസിലിംഗും നൽകുന്നതിനായി പ്രതിബദ്ധതയുള്ള ഒരു വനിത സെൽ രൂപീകരിക്കുമെന്നും ഗവർണർ അറിയിച്ചു. പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിനാണ് ഗവർണറുടെ നയ പ്രഖ്യാപന പ്രസംഗത്തോടെ ഇന്ന് തുടക്കമായത്. 29-ന് ധനമന്ത്രി കെ എൻ ബാലഗോപാൽ സംസ്ഥാന ബജറ്റ് അവതരിപ്പിക്കും.

## CM-ASSEMBLY

നയ പ്രഖ്യാപന പ്രസംഗത്തിൽ ഗവർണർ മാറ്റം വരുത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ. ഗവർണർ ഒഴിവാക്കിയ ഭാഗങ്ങൾ താൻ സഭയിൽ വായിച്ചതായും അദ്ദേഹം പറഞ്ഞു. നയപ്രഖ്യാപനം അസത്യങ്ങൾ നിറഞ്ഞതാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു.

## RAMDAS ATHAWALE

കേന്ദ്ര സാമൂഹ്യ നീതി ശാക്തീകരണ സഹമന്ത്രി രാംദാസ് അത് വാലെ രണ്ടുദിവസത്തെ സന്ദർശനത്തിന് നാളെ കേരളത്തിൽ എത്തും. നാളെ രാവിലെ കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ എത്തുന്ന അദ്ദേഹം കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## FISHERIES- CONFERENCE (INTRO)

കേന്ദ്ര ഫിഷറീസ് വകുപ്പിൻറെ നേതൃത്വത്തിൽ 83 പങ്കാളി രാജ്യങ്ങളിൽ നിന്നുള്ള അംബാസഡർമാരെയും ഹൈക്കമ്മീഷണർമാരെയും പങ്കെടുപ്പിച്ച് കൊണ്ടുള്ള വട്ടമേശ സമ്മേളനം നാളെ ന്യൂഡൽഹിയിൽ സംഘടിപ്പിക്കും. കേന്ദ്ര ഫിഷറീസ്-ക്ഷീരവികസന മന്ത്രി രാജീവ് രഞ്ജൻ സിംഗ് സമ്മേളനത്തിന് നേതൃത്വം നൽകും.

വിശദാംശങ്ങളിലേക്ക് .......

(VOICE)

ഉഭയകക്ഷി വ്യാപാരം, സമുദ്രോത്പന്ന കയറ്റുമതി പ്രോത്സാഹനം, അന്താരാഷ്ട്ര വിപണി ബന്ധങ്ങൾ എന്നിവ ശക്തിപ്പെടുത്തുക എന്നത് ലക്ഷ്യമിട്ടാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. ഏഷ്യ, ആഫ്രിക്ക, യൂറോപ്പ്, വടക്കേ അമേരിക്ക, ലാറ്റിൻ അമേരിക്ക, കരീബിയൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള അംബാസഡർമാരുടെയും ഹൈക്കമ്മീഷണർ മാരുടെയും സഹകരണത്തോടെയാണ് സർക്കാർ ഈ സമ്മേളനം വിളിച്ചുകൂട്ടുന്നത്. സമുദ്രോത്പന്ന വ്യാപാരം, വിപണി പ്രവേശനം, ഉഭയകക്ഷി, ബഹുമുഖ പങ്കാളിത്തം എന്നിവ വർദ്ധിപ്പിക്കുന്നതിന് ഘടനാപരമായ സംഭാഷണം സാധ്യമാക്കുന്നതിനുള്ള സുപ്രധാന വേദിയായി സമ്മേളനം മാറും. കൂടാതെ നിക്ഷേപം, സംയുക്ത സംരംഭങ്ങൾ, സാങ്കേതിക വിദ്യ കൈമാറ്റം, ശേഷി വർദ്ധിപ്പിക്കൽ എന്നിവയിലും സമ്മേളനം ശ്രദ്ധ കേന്ദ്രീകരിക്കും.

ന്യൂസ് ഡെസ്ക് ആകാശവാണി

☸☸☸☸☸☸☸☸☸☸☸☸☸

## SC - MANEKA DOG ISSUE

തെരുവ് നായ വിഷയത്തിലെ സുപ്രീം കോടതി ഉത്തരവ് സംബന്ധിച്ച മുൻ കേന്ദ്രമന്ത്രി മനേകാ ഗാന്ധിയുടെ പരാമർശം കോടതിയലക്ഷ്യമെന്ന് സുപ്രീം കോടതി. തെരുവുനായകൾക്ക് ഭക്ഷണം നൽകുന്നവരും തെരുവുനായ ആക്രമണങ്ങളിൽ ഉത്തരവാദികളാണെന്ന കോടതിയുടെ പരാമർശം ഗൗരവമുള്ളതാണെന്ന് ജസ്റ്റിസുമാരായ വിക്രം നാഥ്, സന്ദീപ് മേത്ത, എൻ വി അഞ്ജരിയ എന്നിവരടങ്ങിയ ബെഞ്ച് പറഞ്ഞു. തെരുവുനായ ആക്രമണങ്ങളിൽ സംസ്ഥാനങ്ങളോട് നഷ്ടപരിഹാരം നൽകാനും അത്തരം കേസുകളിൽ നായകൾക്ക് ഭക്ഷണം നൽകുന്നവരെ ഉത്തരവാദികളാക്കാനും സുപ്രീം കോടതി നേരത്തെ നിർദേശിച്ചിരുന്നു.

## FUR REV. DAY BJP NEW PREZ

ഇന്ത്യയിലെ ജനങ്ങളെയും ദരിദ്രർക്കുള്ള സേവനങ്ങളെയും കൊള്ള യടിക്കാൻ നുഴഞ്ഞുകയറ്റക്കാരെ ഒരിക്കലും അനുവദിക്കില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. നുഴഞ്ഞുകയറ്റക്കാരെ സംരക്ഷിക്കാൻ ശ്രമിക്കുന്ന രാഷ്ട്രീയ പാർട്ടി കളെ തുറന്നുകാട്ടണമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ബിജെപി ദേശീയ അധ്യക്ഷനായി നിതിൻ നബിൻ ചുമതലയേറ്റ ചടങ്ങിൽ സംസാരിക്കുക യായിരുന്നു അദ്ദേഹം.

## PM-PRAGATI SPECIAL STORY

രാജ്യത്ത് സമയബന്ധിതമായ പദ്ധതിനിർവഹണം ഉറപ്പാക്കുന്നതിനായി 2015-ൽ പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കംകുറിച്ച പ്രഗതി സംരംഭം 50-ാമത് അവലോകന യോഗമെന്ന സുപ്രധാന നാഴികക്കല്ല് പിന്നിട്ടു. ഈ സംരംഭത്തിന്റെ ഫലപ്രാപ്തിയുടെ മികച്ച ഉദാഹരണങ്ങളിൽ ഒന്നാണ് മഹാരാഷ്ട്രയിലെ വെമ്പ് ല ജലസേചന പദ്ധതി. പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജനയിലൂടെ നടപ്പാക്കിയ പദ്ധതി വിദർഭ മേഖലയിലെ കാർഷിക പ്രവർത്തനങ്ങൾക്ക് ഊർജ്ജം നൽകി.

## ANUPRIYA-HEALTHCARE(INTRO)

വികസിത രാഷ്ട്രമെന്ന ഇന്ത്യയുടെ സ്വപ്നം സാക്ഷാത്കരിക്കാൻ ആരോഗ്യ സംരക്ഷണം സുപ്രധാന ഘടകമാണെന്ന് കേന്ദ്ര സഹമന്ത്രി അനുപ്രിയ പട്ടേൽ. സാർവത്രിക ആരോഗ്യ സംരക്ഷണം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് കേന്ദ്ര സർക്കാർ തുടർച്ചയായ ശ്രമങ്ങൾ നടത്തുന്നുണ്ടെന്ന് പുതുച്ചേരി ജിപ്മറിന്റെ 14-ാമത് ബിരുദദാന ചടങ്ങിൽ സംസാരിക്കവെ മന്ത്രി പറഞ്ഞു. പ്രതിരോധം, പുനരധിവാസം, പാലിയേറ്റീവ് പരിചരണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് ദേശീയ ആരോഗ്യ നയത്തിന്റെ ലക്ഷ്യമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

(വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸

## REPUBLIC DAY-GUESTS

77–-ാമത് റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം. ഈ മാസം 26 ന് ന്യൂ ഡൽഹിയിലെ കർത്തവ്യപഥിൽ വിവിധ സേനാവിഭാഗങ്ങൾ അണി നിരക്കുന്ന പരേഡിൽ രാഷ്ട്രപതി ദ്രൗപദി മുർമു അഭിവാദ്യം സ്വീകരിക്കും. പരേഡിന് സാക്ഷ്യം വഹിക്കാൻ പതിനായിരത്തോളം പ്രത്യേക അതിഥികളെ ക്ഷണിച്ചിട്ടുണ്ടെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു. സ്റ്റാർട്ടപ്പുകൾ, സ്വാശ്രയ ഗ്രൂപ്പുകൾ, വിവിധ സർക്കാർ സംരംഭങ്ങൾക്ക് കീഴിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർ എന്നിവർ അതിഥികളായി പങ്കെടുക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## REPUBLIC DAY

കേരളത്തിൽ റിപ്പബ്ലിക് ദിനാഘോഷം വിപുലമായ രീതിയിൽ സംഘടിപ്പിക്കുന്നതിന് സർക്കാർ മാർഗനിർദേശം പുറപ്പെടുവിച്ചു. തിരുവനന്തപുരത്ത് രാവിലെ 9ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ദേശീയ പതാക ഉയർത്തും. ജില്ലാ ആസ്ഥാനങ്ങളിൽ മന്ത്രിമാർ പതാക ഉയർത്തും. എല്ലാ സർക്കാർ ഓഫീസുകളിലെയും പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാരും സർവ്വകലാശാലകൾ, കോളേജുകൾ, സ്കൂളുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവടങ്ങളിലെ ഉദ്യോഗസ്ഥരും പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്.

☸☸☸☸☸☸☸☸☸☸☸☸☸

## WPL - CRICKET

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് നടക്കുന്ന മത്സരത്തിൽ ടോസ് നേടിയ ഡൽഹി ക്യാപിറ്റൽസ് മുംബൈ ഇൻഡ്യൻസിനെ ബാറ്റിംഗിനയച്ചു. വഡോദരയിലാണ് മത്സരം.

☸☸☸☸☸☸☸☸☸☸☸☸☸

## SIR

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട കരടു വോട്ടർ പട്ടികയിലുള്ള പേരുകൾ നീക്കം ചെയ്യാനായി ഏറ്റവും ഒടുവിൽ ലഭിച്ച കണക്കുകൾ പ്രകാരം 5,528 അപേക്ഷകൾ ലഭിച്ചു. പട്ടികയിലില്ലാത്ത അഞ്ചു ലക്ഷത്തി അറുപത്തിനാലായിരത്തി എണ്ണൂറ്റി പത്തു പേരാണ് പേര് ചേർക്കാനായി അപേക്ഷിച്ചിട്ടുള്ളത്.

☸☸☸☸☸☸☸☸☸☸☸☸☸

## PIB FACT CHECK

ജനങ്ങളുടെ മേൽവിലാസം സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് തപാൽ വകുപ്പിൻറെ പേരിൽ വരുന്ന എസ്എംഎസുകൾ വ്യാജമെന്ന് കേന്ദ്ര സർക്കാർ. തപാൽ വകുപ്പ് ഇത്തരം സന്ദേശങ്ങൾ അയയ്ക്കുന്നില്ലെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ വിഭാഗം സ്ഥിരീകരിച്ചു. ജനങ്ങൾ ജാഗ്രത പുലർത്തണമെന്നും കേന്ദ്ര സർക്കാർ മുന്നറിയിപ്പ് നൽകി.

☸☸☸☸☸☸☸☸☸☸☸☸☸

## DISCUSSION

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യുന്നു. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. കഴിഞ്ഞ ഏഴു ദശാബ്ദങ്ങളിലെ വിദ്യാഭ്യാസ പുരോഗതി എന്ന വിഷയത്തിൽ നാളെ ഉച്ചയ്ക്ക് 1.45 ന് പ്രക്ഷേപണം ചെയ്യുന്ന പരിപാടിയിൽ കേരള കേന്ദ്ര സർവകലാശാല മുൻ വൈസ് ചാൻസലർ  കെ. ജയപ്രസാദ് സംസാരിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## PARLIAMENT - BUDGET

പാർലമെൻറിൻറെ ബജറ്റ് സമ്മേളനം ഈ മാസം 28-ന് ആരംഭിക്കും. രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് സമ്മേളനത്തിന് തുടക്കമാവുക. ഫെബ്രുവരി ഒന്നിനാണ് കേന്ദ്ര ബജറ്റ്. ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ ഈ മാസം 29-ന് പാർലമെൻറിൽ സമർപ്പിക്കും.

## INDIAN RAILWAYS - OSOP

ഇന്ത്യൻ റെയിൽവേയുടെ 'വൺ സ്റ്റേഷൻ വൺ പ്രൊഡക്റ്റ്' പദ്ധതി പ്രാദേശിക കരകൗശലവിദ്യ പ്രോത്സാഹിപ്പിക്കുന്നതിനും ഉപജീവന മാർഗങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള സുപ്രധാന സംരംഭമായി മാറിയെന്ന് കേന്ദ്ര റെയിൽവേ മന്ത്രാലയം. ഒഎസ്ഒപി പദ്ധതി നിലവിൽ രാജ്യത്തെ 2000-ലധികം റെയിൽവേ സ്റ്റേഷനുകളിലേക്ക് വ്യാപിച്ചതായും, ഇതുവഴി കലാകാരന്മാർക്കും നെയ്ത്തുകാർക്കും ചെറുകിട ഉൽപ്പാദകർക്കും നേരിട്ട് വിപണി കണ്ടെത്താൻ സാധിച്ചതായും റെയിൽവേ മന്ത്രാലയം അറിയിച്ചു.

## TRUMP-NATO

യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് നാറ്റോ സെക്രട്ടറി ജനറൽ മാർക്ക് റുട്ടയുമായി ടെലഫോൺ സംഭാഷണം നടത്തി. ഗ്രീൻലാൻഡ് അമേരിക്കയുടെയും ലോകത്തിന്റെയും സുരക്ഷയ്ക്ക് അത്യന്താപേക്ഷിതമാണെന്ന തന്റെ നിലപാട് ട്രംപ് ആവർത്തിച്ചു. ദാവോസിൽ വെച്ച് വിവിധ കക്ഷികളുമായി കൂടിക്കാഴ്ച നടത്തുമെന്നും അദ്ദേഹം അറിയിച്ചു. ഇന്ന് സാമൂഹ്യ മാധ്യമത്തിൽ പങ്കുവെച്ച കുറിപ്പിലൂടെയാണ്, യുഎസ് പ്രസിഡന്റ് സംഭാഷണത്തിന്റെ വിവരങ്ങൾ വെളിപ്പെടുത്തിയത്.